(എഫ്) പൊതുമേഖലാ സ്ഥാപനങ്ങൾക്കായി കടപത്രം വഴി സ്വരൂപിച്ച പണം സർക്കാരിന്റെ ദൈനംദിന ആവശ്യങ്ങൾക്കായി എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര കോടി രൂപയാണ് ആപ്രകാരം എടുത്തിട്ടുള്ളത് ;

(ജി) കരാറുകൾക്കും വെൽഫെയർ സ്കീം പ്രകാരം ആനുകൂല്യം ലഭിക്കേണ്ടവർക്കും നൽകാനുള്ള കുടിശ്ശിക എത്ര ;

(എച്ച്) കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് ഡി.എ. അനുവദിച്ച തോതിൽ കുടിശ്ശിക വന്നിട്ടുള്ള ഡി.എ. സംസ്ഥാന ജീവനക്കാർക്ക് നൽകുവാൻ എന്ത് തുക വേണ്ടി വരും ?

ഉത്തരം

(എ) സാമ്പത്തിക പ്രതിസന്ധി ഇല്ല.

(ബി) ഉണ്ട്.

(സി) 271.72 കോടി രൂപ.

(ഡി) 31-3-2000-ൽ 20,176.06 കോടി രൂപ.

(ഇ) 10,062.52 കോടി രൂപ.

(എഫ്) ഇല്ല.

(ജി) കരാറുകാർക്ക് 31-1-2001 വരെയുള്ള കുടിശ്ശിക ആകെ 212.12 കോടി രൂപ. ഇതിൽ റോഡുകളും പാലങ്ങളും സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. വെൽഫെയർ സ്കീം ആനുകൂല്യ കുടിശ്ശിക 154.53 കോടി രൂപ.

(എച്ച്) 3,762.6 കോടി രൂപ.

ഡി. എ. കുടിശ്ശിക

37 (427) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 15-2-2001-ലെ കണക്കനുസരിച്ച് സംസ്ഥാന ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർക്ക് എത്ര ഗഡു ഡി.എ. കുടിശ്ശികയുണ്ട് ;

(ബി) ഈ ഓരോ ഗഡു ഡി.എ. കുടിശ്ശികയും കൊടുത്തുതീർക്കുന്നതിന് എന്ത് തുക വീതം വേണം ;

(സി) ഓരോ ഗഡു ഡി.എ. യും എന്നു മുതലാണ് കൊടുക്കേണ്ടതായി വരുന്നതെന്ന് പറയുമോ ; ഈ മന്ത്രിസഭയുടെ കാലാവധി തീരുന്നതിന് മുമ്പായി ഈ തുക കൊടുത്ത് തീർക്കുവാനുള്ള കോശസ്ഥിതി ഉള്ളതായി ഗവൺമെന്റ് കരുതുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ടെങ്കിൽ ഈ തുക എന്നു കൊടുക്കുമെന്ന് പറയുമോ ; മുൻ ഗവൺമെന്റ് അധികാരമൊഴിയുന്ന സമയത്ത് സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് എത്ര ഗഡു ഡി.എ. കുടിശ്ശിക ഉണ്ടായിരുന്നു ;

(ഇ) അത് കൊടുത്തീർക്കുവാൻ എന്ത് തുക വേണ്ടിവന്നു ?

ഉത്തരം

(എ) 1-7-1999, 1-1-2000, 1-7-2000 എന്നീ കാലയളവുകളിൽ കേന്ദ്ര സർക്കാർ അനുവദിച്ച മൂന്ന് ഗഡു ഡി.എ. സംസ്ഥാന ജീവനക്കാർക്ക് കുടിശ്ശികയായി നൽകാനുണ്ട്.

(ബി) 1-7-1999 മുതൽ അനുവദിച്ച 5 ശതമാനം ഡി.എ. നൽകുവാൻ 270 കോടി രൂപയും 1-1-2000 മുതൽ അനുവദിച്ച 1 ശതമാനം ഡി.എ. നൽകുവാൻ 37.8 കോടി രൂപയും , 1-7-2000 മുതൽ അനുവദിച്ച 3 ശതമാനം ഡി.എ. നൽകുവാൻ 64.8 കോടി രൂപയും ചെലവ് വരും.

(സി) 1-7-1999 മുതലുള്ള 5 ശതമാനം, 01-01-2000 മുതലുള്ള 1 ശതമാനം, 1-7-2000 മുതലുള്ള 3 ശതമാനം എന്നിവയാണ് കുടിശ്ശികയായ ഡി.എ. ഗഡുക്കൾ. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഡി.എ. നൽകുന്ന കാര്യം തീരുമാനിക്കുന്നതാണ്.

(ഡി) താമസംവിനാ ഡി.എ. നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. മുൻ ഗവൺമെന്റ് അധികാരമൊഴിയുന്ന സമയത്ത് 1-1-1996 മുതലുള്ള ഒരു ഗഡു ഡി.എ മാത്രമാണ് കുടിശ്ശികയുണ്ടായിരുന്നത്.

(ഇ) ഈ കുടിശ്ശിക ഗഡു ഡി.എ. നൽകുവാൻ 97.92 കോടി രൂപ വേണ്ടി വന്നു.

ബാലൻസ് ഓഫ് കറന്റ് ഇയേഴ്സ് റവന്യൂ

38 (429) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷത്തെയും സംബന്ധിക്കുന്ന ബാലൻസ് ഓഫ് കറന്റ് ഇയേഴ്സ് റവന്യൂ എത്ര വീതമായിരുന്നെന്ന് പറയാമോ ;

(ബി) ഓരോ വർഷവും ബാലൻസ് ഓഫ് കറന്റ് ഇയേഴ്സ് റവന്യൂ കണ്ടുപിടിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്തെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly